# തിരുവനന്തപുരം ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

**പുറപ്പെടുവിക്കുന്നത് : ബി.ആർ. യമുന**

**വിഷയം :** വനം വകുപ്പ് - ജീവനക്കാര്യം - വനം വകുപ്പിൽ ലോവർ ഡിവിഷൻ ക്ലാർക്കുമാർക്ക് അപ്പർ ഡിവിഷൻ ക്ലാർക്കുമാരായി സ്ഥാനക്കയറ്റവും/ സ്ഥലംമാറ്റവും നൽകുന്നത് - സംബന്ധിച്ച്.

**സൂചന :**

1. സർക്കാർ ഉത്തരവ് നമ്പർ 3/11/വനംവന്യജീവി, തീയതി 29.01.2011.
2. ഈ ഓഫീസിലെ 27.10.2011, 09.05.2012, 02.06.2012 എന്നീ തീയതി കളിലെ ഇ3-5555/10 നമ്പർ ഉത്തരവുകൾ.
3. ഈ ഓഫീസിലെ 05.06.2012-ലെ ഇ3-9981/11 നമ്പർ ഉത്തരവ്.
4. സർക്കാർ ഉത്തരവ് നമ്പർ പി(5)-89/പിഡി തീയതി 16.03.1989.
5. സർക്കാർ ഉത്തരവ് നമ്പർ 301/68/പി&എആർഡി തീയതി 26.09.1968.
6. ലോവർ ഡിവിഷൻ ക്ലാർക്കുമാരുടെ 10.10.2010 കണക്കാക്കിയുള്ള 07.06.2011-ലെ ഇ5-678/09 നമ്പർ പ്രകാരമുള്ള താൽക്കാലിക സീനിയോരിറ്റി ലിസ്റ്റ്.

## ഉത്തരവ് നമ്പർ ഇ3- 6704/11 തീയതി 07.06.2012

വനം വകുപ്പിൽ സൂചന (1) ഉത്തരവ് പ്രകാരം 10 ക്ലാർക്കുമാരുടെ പുതിയ തസ്തിക അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. വനം വകുപ്പിൽ ലോവർ ഡിവിഷൻ ക്ലാർക്ക്/അപ്പർ ഡിവിഷൻ ക്ലാർക്ക് അനുപാതം 1:1 പ്രകാരമാണ് നിലനിൽക്കുന്നത്. ആയത് അംഗീകരിച്ചുകൊണ്ട് സൂചന (1) പ്രകാരം അനുവദിച്ച 10 ക്ലാർക്കുമാരുടെ തസ്തികയിൽ 5 ക്ലാർക്കുമാരുടെ തസ്തിക അപ്പർ ഡിവിഷൻ ക്ലാർക്കിന്റേതാക്കി ഉയർത്തിക്കൊണ്ട് ഉത്തരവാകുന്നു.

സൂചന (2) പ്രകാരമുള്ള ഉത്തരവുകൾ പ്രകാരം വനം വകുപ്പിലെ 7 അപ്പർ ഡിവിഷൻ ക്ലാർക്കുമാർക്ക് ഹെഡ് അക്കൗണ്ടന്റുമാരായി സ്ഥാനക്കയറ്റം നൽകുകയും കൂടാതെ പാലക്കാട് ജില്ലയിലെ 2 അപ്പർ ഡിവിഷൻ ക്ലാർക്കുമാർ സർവ്വീസിലിരുന്ന് മരണപ്പെടുകയും ഒരു അപ്പർ ഡിവിഷൻ ക്ലാർക്ക് അന്തർവകുപ്പ് സ്ഥലംമാറ്റം ലഭിച്ച് ഡിപ്പാർട്ടുമെന്റ് വിട്ടുപോകുകയും, സൂചന (3) ഉത്തരവ് പ്രകാരം 4 അപ്പർ ഡിവിഷൻ ക്ലാർക്കുമാരെ ലോവർ ഡിവിഷൻ ക്ലാർക്കുമാരായി തരംതാഴ്ത്തുകയും ചെയ്തിട്ടുള്ളതാണ്.

മേൽ വസ്തുതകളുടെ വെളിച്ചത്തിൽ വനം വകുപ്പിൽ നിലവിൽ 19 അപ്പർ ഡിവിഷൻ ക്ലാർക്കുമാരുടെ ഒഴിവ് നിലനിൽക്കുന്നുണ്ട്. സൂചന (5) പ്രകാരം പ്രസിദ്ധീ കരിച്ച ലോവർ ഡിവിഷൻ ക്ലാർക്കുമാരുടെ താൽക്കാലിക സീനിയോരിറ്റി ലിസ്റ്റ് പ്രകാരം താഴെ പേരു ചേർക്കുന്ന 18 ലോവർ ഡിവിഷൻ ക്ലാർക്കുമാർക്ക് അപ്പർ ഡിവിഷൻ ക്ലാർക്കുമാരായി പ്രൊമോഷന് അർഹതയുണ്ട്. നിലവിൽ ടൈപ്പിസ്റ്റായി 10 വർഷം

06/11-ൽ പൂർത്തിയാക്കിയതും, ഡിപ്പാർട്ടുമെന്റൽ പരീക്ഷ 07/07-ൽ പാസ്സാ... ശ്രീ. ജെസ്റ്റിൻ ജോസഫ്, അപ്പർ ഡിവിഷൻ ക്ലാർക്കായി തസ്തിക മാറ്റ... അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പേരും, ഇപ്പോൾ ജോലി നോക്കുന്ന ഓഫീസും | 07.06.11-ലെ ലോവർ ഡിവിഷൻ ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിലെ സ്ഥാനം | പ്രൊബേഷൻ ഡിക്ലയർ ചെയ്ത തീയതി | യോഗ്യത നേടിയ തീയതി |
|---|---|---|---|---|
| 1. | വിനോദ്കുമാർ. പി.കെ.<br>O/o ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, നോർത്തേൺ സർക്കിൾ, കണ്ണൂർ | 61 | 21.04.2000 | 07/2011 |
| 2. | റംലാബീവി. പി.എം.<br>O/o ഡെപ്യൂട്ടി ഡയറക്ടർ, പെരിയാർ ഈസ്റ്റ് ഡിവിഷൻ, തേക്കടി | 62 | 20.01.2003 | 1/2010 |
| 3. | എസ്. ഉണ്ണികൃഷ്ണൻ<br>O/o ഡെപ്യൂട്ടി ഡയറക്ടർ, പെരിയാർ ഈസ്റ്റ് ഡിവിഷൻ, തേക്കടി | 71 | 28.07.2002 | 50 വയസ്സ് പൂർത്തിയാക്കിയത് |
| 4. | എ. ജയകുമാർ<br>O/o റെയിഞ്ച് ഓഫീസർ, വെള്ളിക്കുളങ്ങര | 77 | 21.01.2003 | 50 വയസ്സ് പൂർത്തിയാക്കിയത് |
| 5. | സീമ. എസ്.എസ്.<br>O/o ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, പാലക്കാട് | 81 | 09.07.2011 | 01/2011 |
| 6. | ഷാജി. എച്ച്.ആർ.<br>O/o റെയിഞ്ച് ഓഫീസർ, പാലോട് | 94 | 12.07.2004 | 50 വയസ്സ് പൂർത്തിയാക്കിയത് |
| 7. | ചന്ദ്രൻ. പി.പി.<br>O/o ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, തൃശൂർ | 124 | - | 50 വയസ്സ് പൂർത്തിയാക്കിയത് |
| 8. | അനിൽകുമാർ. എസ്.<br>O/o ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നോർത്ത് വയനാട് | 174 | 16.10.2006 | 01/2007 |
| 9. | പ്രീത. റ്റി.സി.<br>O/o റെയിഞ്ച് ഓഫീസർ, കൽപ്പറ്റ | 175 | 01.12.2006 | 07/2008 |
| 10. | മേരിക്കുട്ടി ഡൊമനിക്<br>O/o ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 176 | 20.10.2006 | 07/2006 |

| | | | | |
|---|---|---|---|---|
| 11. | അനൂബ്. ആർ.ബി.<br>0/o റെയിഞ്ച് ഓഫീസർ,<br>പരുത്തിപ്പള്ളി | 178 | 09.11.2006 | 01/2009 |
| 12. | ശ്രീജു. എസ്.<br>0/o അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി, തിരുവനന്തപുരം | 179 | 08.12.2006 | 01/2010 |
| 13. | ധന്യ എസ്. രമണൻ<br>0/o ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, റാന്നി | 181 | 17.06.2002 | 06/2001 |
| 14. | മനോജ്. വി. ചെട്ടിയാർ<br>0/o അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി, ആലപ്പുഴ | 182 | 01.11.2006 | 01/2011 |
| 15. | എ.ഒ. ബീന,<br>0/o ഗവൺമെന്റ് ടിംബർ ഡിപ്പോ, വീട്ടൂർ | 184 | 19.11.2006 | 01/2011 |
| 16. | ജയൻ. ജെ.<br>0/o ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, പുനലൂർ | 185 | 04.12.2006 | 01/2007 |
| 17. | ഗിരീഷ്. ജി.<br>0/o വൈൽഡ് ലൈഫ് വാർഡൻ, സൈലന്റ് വാലി നാഷണൽ പാർക്ക്. | 187 | 09.12.2006 | 07/2010 |
| 18. | രഞ്ജൻ. ആർ.<br>0/o ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, സതേൺ സർക്കിൾ, കൊല്ലം | 188 | 13.01.2007 | 01/2010 |
| 19. | ജെസ്റ്റിൻ ജോസഫ്,<br>യു.ഡി. ടൈപ്പിസ്റ്റ്<br>0/o ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഫ്ളൈയിംഗ് സ്ക്വാഡ്സ ഇടുക്കി | | 06.06.2003 | 07/2007 |

മേൽ പേരു ചേർത്ത 18 ലോവർ ഡിവിഷൻ ക്ലാർക്കുമാരെ കെ.എസ്.& എസ്.എസ്.ആർ. ചട്ടം 28 (ബിബിബി)ക്ക് വിധേയമായി ഉത്തരവ് തീയതി മുതൽ 13210-330-13540-360-14980-400-16980-440-18740-500-1240-560-21240 ശമ്പള സ്കെയിലിൽ അപ്പർ ഡിവിഷൻ ക്ലാർക്കുമാരായി സ്കെയിലിൽ താൽക്കാലിക സ്ഥാനക്കയറ്റം നൽകിക്കൊണ്ടും ക്രമ നമ്പർ 19 അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റിനെ തസ്തികമാറ്റി അപ്പർ ഡിവിഷൻ ക്ലാർക്കായി താൽക്കാലിക സ്ഥാനക്കയറ്റം നൽകിക്കൊണ്ടും ഉത്തര വാകുന്നു.

തസ്തിക മാറ്റം വഴി അപ്പർ ഡിവിഷൻ ക്ലാർക്കായി നിയമിക്കപ്പെട്ട ശ്രീ. ജെസ്റ്റിൻ ജോസഫിന് അപ്പർ ഡിവിഷൻ ക്ലാർക്കായി കോട്ടയം ഹൈറേഞ്ച് സർക്കിൾ ചീഫ്

ഫോറസ്റ്റ് കൺസർവേറ്റർ നിയമന ഉത്തരവ് നൽകേണ്ടതും വിവരം ഈ ഓഫീ... അറിയിക്കേണ്ടതുമാണ്.

ക്രമനമ്പർ 13 ശ്രീമതി ധന്യ എസ്. രമണന് 27.06.2005-ൽ ഇ3-4504/04 പ്രകാ... അപ്പർ ഡിവിഷൻ ക്ലാർക്കായി സ്ഥാനക്കയറ്റം നൽകിയത് ക്രമവിരുദ്ധമാണെന്ന് കണ്ടതിനാൽ ഈ ഓഫീസിലെ 25.06.2009-ലെ ഇ5-4944/09 ഉത്തരവ് പ്രകാരം ടിയാളെ ലോവർ ഡിവിഷൻ ക്ലാർക്കായി തരംതാഴ്ത്തുകയും ആയതിനെതിരെ ടിയാൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ്സ് ഫയൽ ചെയ്യുകയും, ബഹുമാനപ്പെട്ട ഹൈക്കോടതി 25.06.2009-ലെ ഇ5-4944/09 നമ്പർ ഉത്തരവ് തൽക്കാലത്തേക്ക് സ്റ്റേ ചെയ്തുകൊണ്ട് ഉത്തരവാകുകയും ചെയ്തിരുന്നു. ശ്രീമതി ധന്യ എസ്. രമണന് നിലവിലെ സീനിയോരിറ്റി പ്രകാരം അപ്പർ ഡിവിഷൻ ക്ലാർക്കായി പ്രൊമോഷന് അർഹത ഈ ഉത്തരവ് തീയതി മുതലാണ്. ടിയാൾക്ക് നേരത്തെ നൽകിയിരുന്ന പ്രൊമോഷൻ റദ്ദ് ചെയ്തിരുന്നുവെങ്കിലും, കോടതി ഉത്തരവു പ്രകാരം സ്റ്റേ ചെയ്തിരിക്കുകയായിരുന്നു എന്നതിനാലും, ഇപ്പോൾ അർഹത നേടിയിട്ടുള്ള പ്രൊമോഷൻ നൽകുന്നത് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസ്സ് തീർപ്പാകുന്നതിന് വിധേയമായിട്ടായിരിക്കും എന്ന് ഉത്തരവാകുന്നു.

ക്രമനമ്പർ 8 ഒഴികെയുള്ളവരെ 16.03.1989-ലെ 5/89/പി&എആർഡി നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അവർ ഇപ്പോൾ ജോലി ചെയ്യുന്ന ലോവർ ഡിവിഷൻ തസ്തികകൾ അപ്പർ ഡിവിഷൻ തസ്തികകളായി ഉയർത്തി അതാത് ഓഫീസുകളിൽ തുടരുവാൻ അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

ക്രമനമ്പർ 8 ശ്രീ. അനിൽകുമാർ. എസ്. സ്ഥാനക്കയറ്റം ലഭിക്കുമ്പോൾ ടിയാന് വനം വകുപ്പാസ്ഥാനത്തേക്ക് സ്ഥലംമാറ്റം നൽകണമെന്ന് അപേക്ഷ നൽകിയിട്ടുണ്ട്. ആയത് പരിഗണിച്ച് ശ്രീ. അനിൽകുമാർ. എസ്-നെ വനം വകുപ്പാസ്ഥാനത്ത് നിലവിലുള്ള ഒഴിവിലേക്ക് നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു. കൂടാതെ വനം വകുപ്പാ സ്ഥാനത്ത് വയനാട് ഡി.ആർ.ബി. പ്രകാരം ലോവർ ഡിവിഷൻ ക്ലാർക്കായി സർവ്വീസിൽ പ്രവേശിച്ച ശ്രീ. രജീഷ്. കെ.എം. ടിയാന്റെ സ്വന്തം ജില്ലയായ വയനാട് ജില്ലയിലേക്ക് സ്ഥലം മാറ്റത്തിന് അപേക്ഷ നൽകിയിട്ടുണ്ട്. ആയത് പരിഗണിച്ച് ശ്രീ. രജീഷ്. കെ.എം., ലോവർ ഡിവിഷൻ ക്ലാർക്കിനെ വയനാട് നോർത്ത് ഡിവിഷനിൽ ശ്രീ. അനിൽകുമാർ. എസ്-നെ അപ്പർ ഡിവിഷൻ ക്ലാർക്കായി പ്രൊമോഷൻ നൽകി സ്ഥലംമാറ്റം നൽകിയതുമൂലം ഉണ്ടാകുന്ന ഒഴിവിലേക്ക് സ്ഥലംമാറ്റി നിയമിച്ചുകൊണ്ടും ഉത്തരവാകുന്നു.

ഈ ഉത്തരവ് പ്രകാരം 19 ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികകൾ അപ്പർ ഡിവിഷൻ ക്ലാർക്ക് തസ്തികകളായി ഉയർത്തിയതിനെ തുടർന്നും പ്രൊമോഷൻ ലഭിച്ച് അപ്പർ ഡിവിഷൻ ക്ലാർക്കായി മാറിയവർക്ക് സ്ഥലംമാറ്റം നൽകിയതിനെ തുടർന്നും താഴെപ്പറയുന്ന ഓഫീസുകളിലെ അപ്പർ ഡിവിഷൻ ക്ലാർക്കുമാരുടെ 19 ഒഴിവുകൾ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികകളായി താഴ്ത്തിക്കൊണ്ടും ഉത്തരവാകുന്നു.

| ക്രമ നമ്പർ | ഓഫീസിന്റെ പേര് | തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | വയനാട് (സൗത്ത്), കല്പറ്റ റെയിഞ്ച് | 1 - അപ്പർ ഡിവിഷൻ ക്ലാർക്ക് അന്തർവകുപ്പ് സ്ഥലംമാറ്റം ലഭിച്ചുപോയ ഒഴിവ് |
| 2. | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്ലൈഫ്), പാലക്കാട് | 2 - 2 അപ്പർ ഡിവിഷൻ ക്ലാർക്കുമാർ മരണപ്പെട്ടതു മൂലമുണ്ടായ ഒഴിവുകൾ |
| 3. | ഫോറസ്റ്റ് കൺസർവേറ്റർ (ഐ & ഇ), കോഴിക്കോട് | 1 - അപ്പർ ഡിവിഷൻ ക്ലാർക്ക് ഹെഡ് അക്കൗണ്ടന്റായി സ്ഥാനക്കയറ്റം ലഭിച്ച ഒഴിവ് |
| 4. | അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം | 2 - അപ്പർ ഡിവിഷൻ ക്ലാർക്കുമാർ ഹെഡ് അക്കൗണ്ടന്റായി സ്ഥാനക്കയറ്റം ലഭിച്ച ഒഴിവുകൾ |
| 5. | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, റാന്നി | 1 - അപ്പർ ഡിവിഷൻ ക്ലാർക്ക് ഹെഡ് അക്കൗണ്ടന്റായി സ്ഥാനക്കയറ്റം ലഭിച്ച ഒഴിവ് |
| 6. | ഗവൺമെന്റ് ടിംബർ ഡിപ്പോ, പത്തനാപുരം | 1 - അപ്പർ ഡിവിഷൻ ക്ലാർക്ക് ഹെഡ് അക്കൗണ്ടന്റായി സ്ഥാനക്കയറ്റം ലഭിച്ച ഒഴിവ് |
| 7. | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നെന്മാറ | 2 - അപ്പർ ഡിവിഷൻ ക്ലാർക്കുമാർ ഹെഡ് അക്കൗണ്ടന്റായി സ്ഥാനക്കയറ്റം ലഭിച്ച ഒഴിവ് |
| 8. | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കോട്ടയം | 1- അപ്പർ ഡിവിഷൻ ക്ലാർക്കിനെ ലോവർ ഡിവിഷൻ ക്ലാർക്കായി തരം താഴ്ത്തിയത് മൂലമുണ്ടായഒഴിവ് |
| 9. | ഡെപ്യൂട്ടി ഡയറക്ടർ, പെരിയാർ (വെസ്റ്റ്) | 1- അപ്പർ ഡിവിഷൻ ക്ലാർക്കിനെ ലോവർ ഡിവിഷൻ ക്ലാർക്കായി തരം താഴ്ത്തിയത് മൂലമുണ്ടായഒഴിവ് |
| 10. | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മറയൂർ | 1- അപ്പർ ഡിവിഷൻ ക്ലാർക്കിനെ ലോവർ ഡിവിഷൻ ക്ലാർക്കായി തരം താഴ്ത്തിയത് മൂലമുണ്ടായഒഴിവ് |
| 11. | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മൂന്നാർ | 1- അപ്പർ ഡിവിഷൻ ക്ലാർക്കിനെ ലോവർ ഡിവിഷൻ ക്ലാർക്കായി തരം താഴ്ത്തിയത് മൂലമുണ്ടായഒഴിവ് |

മേൽ ക്രമനമ്പർ 8 മുതൽ 11 വരെയുള്ള ലോവർ ഡിവിഷൻ ക്ലാർക്ക് ഒഴിവുകൾ അപ്പർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ നിന്നും തരംതാഴ്ത്തി അതാത് ഓഫീസുകളിൽ തന്നെ നിലനിർത്തിയിട്ടുണ്ട്. കൂടാതെ ജി.ഒ.(എം.എസ്) 3/11/വനം വന്യജീവി, തീയതി 29.01.2011 പ്രകാരവും 07.04.2011-ലെ ഇ4-3587/11 ഉത്തരവ് പ്രകാരവും വനം വകുപ്പിലെ 9 റെയിഞ്ചുകളിൽ പുതുതായി അനുവദിച്ച 10 ക്ലാർക്കുമാരുടെ തസ്തിക ലോവർ ഡിവിഷൻ ക്ലാർക്കിന്റേതാക്കി മാറ്റിക്കൊണ്ടും ഉത്തരവാകുന്നു.

ഈ ഉത്തരവ് പ്രകാരം നിലവിൽ വരുന്ന 24 ലോവർ ഡിവിഷൻ ക്ലാർക്കുമാരുടെ ഒഴിവുകൾ ബന്ധപ്പെട്ട നിയമനാധികാരികൾ യഥാസമയം പബ്ലിക്ക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യേണ്ടതുണ്ട്. എന്നാൽ അതിൽ സൂചന (3) പ്രകാരമുള്ള ഉത്തരവിൽ കോട്ടയം സർക്കിളിലെ 4 അപ്പർ ഡിവിഷൻ ക്ലാർക്കുമാരെ ലോവർ ഡിവഷൻ ക്ലാർക്കുമാരായി തരംതാഴ്ത്തിയതായതിനാൽ അത് പബ്ലിക്ക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യേണ്ടതില്ല. കൂടാതെ 2011-12 സാമ്പത്തിക വർഷത്തിൽ റിട്ടയർമെന്റ് ഉണ്ടാകുമായിരുന്ന ഒഴിവുകൾ കണക്കാക്കി സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുകയും അതിലേക്ക് പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നടത്തുകയും ചെയ്ത ഒഴിവുകൾ കഴിച്ച് ബാക്കിയുള്ള ഒഴിവുകൾ ഏത് രീതിയിലാണെന്ന് കണക്കാക്കി മാത്രമേ പബ്ലിക്ക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യേണ്ടതുള്ളൂ. ക്രമനമ്പർ (8) ന്റെ സ്ഥലംമാറ്റം അപേക്ഷ പ്രകാരമായതിനാൽ ചേരും കാലത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല. യാത്രാപടിക്ക് ചട്ടപ്രകാരം അർഹതയു ണ്ടായിരിക്കുന്നതാണ്.

Yamuna BR

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ് :

1. വ്യക്തികൾക്ക്. മേലധികാരികൾ മുഖേന.
2. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്.
3. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്‌ലൈഫ്) & ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ
4. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ.........................
5. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, (നോർത്തേൺ സർക്കിൾ)/ (ഈസ്റ്റേൺ സർക്കിൾ)/ (സെൻട്രൽ സർക്കിൾ)/ (ഹൈറേഞ്ച് സർക്കിൾ)/ (സതേൺ സർക്കിൾ).
6. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,.............................................
7. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി........................
8. റെയിഞ്ച് ഓഫീസർ, ..................................................
9. ഇ5-സെക്ഷന്.
10. എച്ച്-സെക്ഷന്.
11. സ്റ്റോക്ക് ഫയൽ.

*D:\Raju 2012\CCF (A)\Proceedings\E3-6704-11 M.doc*